**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3530** **15-02-2024 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിൽ കളരിയാമാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിൽ മീനച്ചലാറിന് കുറുകെ അപ്രോച്ച് റോഡില്ലാതെ നിർമ്മിച്ച കളരിയാമാക്കൽ പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കളരിയാമാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിൽ പൂവരണി വില്ലേജിൽ ഉൾപ്പെട്ട 31.53 ആർ ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 25/10/2021-ലെ G.O(Rt) No.3570/2021/RD നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കുകയുണ്ടായി. സ്ഥലമേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട കണ്ടിജൻസി ചാർജ് അർത്ഥനാധികാരി അടവു വരുത്തിയിട്ടുള്ളതായി 01.11.2023-ൽ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | LARR ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി ഏറ്റെടുക്കൽ പൂർത്തികരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ